(ബി) ഏതെല്ലാം പദ്ധതികളാണ് പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(സി) മൂന്നാം കടവ് പദ്ധതി ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വൻകിട ഇടത്തരം മേഖലയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായ തൃത്താലയിലെ ബ്രിഡ്ജ്-കം-റഗുലേറ്റർ, ചമ്രവട്ടത്തെ ബ്രിഡ്ജ്-കം-റുഗലേറ്റർ, ബാണാസുര സാഗർ എന്നീ പദ്ധതികളുടെ നിർമ്മാണവും അട്ടപ്പാടി നദീതടജലസേചന പദ്ധതിയുടെ നിർമ്മാണവും ഒൻപതാം പദ്ധതിക്കാലത്ത് നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) മേൽപ്പറഞ്ഞ നാല് പദ്ധതികളും സംസ്ഥാന പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

ഭൂഗർഭ ജല സർവേ

**63 (1974)** ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭൂഗർഭജല വകുപ്പ് കേരളത്തിലെ ഭൂഗർഭ ജലത്തെക്കുറിച്ചും ഭൂഗർഭ ജല സംഭരണികളെക്കുറിച്ചും സർവേ നടത്തിയിട്ടുണ്ടോ ; എങ്കിൽ സർവേ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും ഭൂഗർഭജലം ചൂഷണം ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും മറ്റും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(സി) ഇങ്ങനെ വിലക്ക് ഏർപ്പെടുത്തുവാൻ കാരണം എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ജലസേചനവകുപ്പ് സെക്രട്ടറി ചെയർമാനും, കേന്ദ്ര ഭൂജല ബോർഡ് ഡയറക്ടർ കൺവീനറും, ഭൂജല ഡയറക്ടർ, കൃഷി, ജലസേചനം തുടങ്ങിയ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയുടെ ചുമതലയിൽ കേന്ദ്ര ഭൂജലബോർഡും സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായാണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്. 1992-ൽ കേന്ദ്ര ഭൂജലബോർഡ് പ്രസിദ്ധീകരിച്ച പ്രസ്തുത റിപ്പോർട്ട് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി നടത്തിവരുന്നു. ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കി അംഗീകരിച്ചശേഷം പുതിയ റിപ്പോർട്ട് താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly